പുഞ്ചക്കൃഷി തുടങ്ങുന്നത് തുലാത്തിലോ വൃശ്ചികത്തിലോ ആയിരിക്കും. അതുവരെ ഈ 50,000-ത്തോളം വരുന്ന കർഷക തൊഴിലാളികൾക്ക് പണിയില്ലാതെ വന്നാൽ അവിടെ പട്ടിണിമരണങ്ങൾ ഉണ്ടാകും. അതുപോലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി രണ്ടാഴ്ചക്കാലം കഴിഞ്ഞാലും റേഷൻ കൊടുക്കുമെന്നു പറയുകയുണ്ടായി. കുട്ടനാട്ടിലെ കർഷക തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ജീവിക്കാൻ മാർഗ്ഗമില്ല. വെള്ളം ഇറങ്ങിയിട്ടേയുള്ളൂ. ഇന്നും താമസിക്കത്തക്കനിലയിലായിട്ടില്ല. അവർക്കുള്ള റേഷൻ വർദ്ധിപ്പിച്ചുകൊടുക്കുവാനും രണ്ടാംകൃഷിക്കാവശ്യമായ സംരക്ഷണം ഉണ്ടാക്കുന്നതിനായി മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ആവശ്യമായ പണം എടുപ്പിക്കാനും അവർക്ക് വിത്ത് സംഭരിച്ചുകൊടുക്കാനും ആവശ്യമായ നടപടികൾ എടുക്കണം. കൃഷി ഉടനേ തുടങ്ങാനുള്ള നടപടി എടുക്കാതെ വന്നാൽ അവിടെ പട്ടിണിമരണങ്ങൾ ഉണ്ടാകും. അതിനാൽ കൃഷി തുടങ്ങുന്ന കാലംവരെ കർഷകതൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): സർ, കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിനും വീണ്ടും കൃഷിയിറക്കുന്നതിനും വേണ്ട സത്വരനടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിത്തും വളവും കീടനാശിനികളും സൗജന്യ നിരക്കിൽ കൊടുക്കാനും കേടുപാടുകൾ വന്ന ബണ്ട് നന്നാക്കുന്നതിനും വരമ്പ് കുത്തുന്നതിനും വെള്ളം വറ്റിക്കുന്നതിനും എക്കൽ നീക്കം ചെയ്യുന്നതിനും ധനസഹായം നൽകുന്നതാണ്. ഇങ്ങനെ വീണ്ടും കൃഷിയിറക്കാൻ സാധിക്കുന്നതുകൊണ്ട് കർഷകത്തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാകും. അവിടെ പട്ടിണി കിടക്കേണ്ട സാഹചര്യം ഉണ്ടാകുകയില്ല എന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

(30) മട്ടാഞ്ചേരിയിലെ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

ശ്രീ. കെ. എം. ഹംസക്കുഞ്ഞ് : സർ, പഴയ മദിരാശി സംസ്ഥാനത്തിന്റേയും പഴയ കൊച്ചി രാജ്യത്തിന്റേയും ഭാഗങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ള ഒരു നിയോജകമണ്ഡലമാണ് മട്ടാഞ്ചേരി. മദിരാശി സംസ്ഥാനത്തിന്റെ അഭിമാനമായിരുന്ന ഫോർട്ട് കൊച്ചി 1956-ൽ കേരളം രൂപംകൊണ്ടപ്പോൾ കേരളത്തിലെ എയർകണ്ടീഷൻഡ് ഓപ്പറേഷൻ തീയേറ്റർ ഉള്ള ആശുപത്രി കൊച്ചിയിലായിരുന്നു. ആ ഫോർട്ട്കൊച്ചി ആശുപത്രിയിൽ സർജന്റെ ഒഴിവ് വന്നിട്ട് വർഷങ്ങളായി എങ്കിലും ഇതേവരെ അത് നികത്താൻ സാധിച്ചിട്ടില്ല. ഞാൻ അതിലേക്ക് കടക്കുന്നതിനുമുമ്പ് മട്ടാഞ്ചേരിയിലെ മറ്റ് മൂന്ന് ആശുപത്രികളിലെ കാര്യംകൂടി സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുകയാണ്.

മട്ടാഞ്ചേരിയിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ആയാലും ആവശ്യമുള്ള ഡോക്ടർമാർ-ലേഡീഡോക്ടർമാർ-ഇല്ലാത്തതുകൊണ്ട് പ്രസവിക്കുന്നതിന് ഡോക്ടർമാരേയും കാത്ത് സ്ത്രീകൾ ക്യൂ നില്ക്കുകയാണ്. മഹാരാജാസ് ആശുപത്രിയുടെ കാര്യം പരിശോധിച്ചാൽ ഇരുനൂറിൽ ചിലാനം ബെഡ്ഡുകൾ ഉള്ള ആശുപത്രിയിൽ സൂപ്രണ്ട് ഇല്ല, സർജൻ ഇല്ല, മറ്റ് ജീവനക്കാരുടെ കുറവ് പറയേണ്ടതുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് അവിടത്തെ സ്ഥിതിയെങ്കിൽ ഫോർട്ട് കൊച്ചി ഏക്കാലവും ഈ രാജ്യത്തിന്റെ അഭിമാനമായിരുന്നു എങ്കിൽ ആ ഫോർട്ട്കൊച്ചി ആശുപത്രികൊണ്ട് ഉപകാരപ്പെടുന്നത് മട്ടാഞ്ചേരി നിയോജകമണ്ഡലത്തിന് മാത്രമല്ല. വൈപ്പിൻ ദുരന്തമുണ്ടായപ്പോൾ വൈപ്പിൻകരയിലുള്ള മുഴുവൻ ജനങ്ങൾക്കും ഉപകാരപ്പെട്ട ഒരു ആശുപത്രി എന്ന നിലയിൽ അവിടെ 100 ബെഡ്ഡുകളുള്ള ഒരു ആശുപത്രി പണിയുന്നതിന് അഡ്മിനി സ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. ഇതേവരെ അതിന്റെ പണി തുടങ്ങാൻ സാധിച്ചിട്ടില്ല. സർജൻ ഇല്ലാത്തതിന്റെ കുറവുമൂലവും, സുപ്രണ്ട്, ഡോക്ടർമാർ ഇവർ ഇല്ലാത്തതിന്റെ കുറവുമൂലവും ഇന്ന് അവിടെ 110-ത്തോളം ബഡ്ഡുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇന്ന് ആ ആശുപത്രിയിൽ ആവശ്യമായ മരുന്നില്ല, ആവശ്യമായ ഡോക്ടർമാരില്ല, സ്റ്റാഫ് ഇല്ല. വെള്ളമില്ല, വെളിച്ചമില്ല, പിന്നെ ആരെ കാണാനാണ് രോഗികൾ വരുന്നത് എന്ന നിലയിലാണ് ഇന്ന് സർക്കാർ ആശുപത്രികളിലുള്ളത്. ട്രാൻസ്പോർട്ട് ബസ്സുകൾ നഷ്ടത്തിൽ ഓടുന്ന റൂട്ടുകൾ നിർത്തുന്നതു പോലെതന്നെ രോഗികളും മരുന്നും വെള്ളവും വെളിച്ചവും ഇല്ലാത്ത ആശുപത്രികൾ തല്കാലം സാമ്പത്തികബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് പൂട്ടുകയും സാമ്പത്തികമായി ശേഷിയുള്ള കാലങ്ങളിൽ തുറക്കുന്നതിനുമുള്ള സൗകര്യം ഉണ്ടാകുമ്പോൾ തുറക്കുന്നതിനുമുള്ള നടപടികൾ എടുക്കുകയാണ് നല്ലത് എന്നാണ് എനിക്ക് ട്രാൻസ്പോർട്ട് നടപടിയോടൊപ്പംതന്നെ ഇതേക്കുറിച്ച് പറയാനുള്ളത്.

ഇവിടെ ഇന്ന് നടന്ന ചർച്ചയിൽതന്നെ ഓരോ ജില്ലയിൽനിന്നുമുള്ള നാലഞ്ച് ആശുപത്രികളുടെ കാര്യം മെമ്പർമാർ സൂചിപ്പിച്ചു. അതുമുഴുവൻ ഇതേ പരാതികളായിരുന്നു. ഇവിടെ വന്നു പരാതികൾ കേട്ടപ്പോൾ നാണം തോന്നിപ്പോയി. ഈ രാജ്യം എത്ര അധഃപതിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സെപ്റ്റിക്ടാങ്ക് കോരുന്നതിന് അസംബ്ലിയിൽ പറയേണ്ട ഗതികേട് ഉണ്ടായിട്ടുണ്ടെങ്കിൽ മരുന്നില്ല എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ രാജ്യത്ത് മറ്റ് ഡോക്ടർമാരെ കിട്ടാൻ പ്രയാസമാണ് എന്ന് പറഞ്ഞാൽ മനസ്സിലാക്കാം. സെപ്റ്റിക്ടാങ്ക് കോരുന്നതിനും അതുപോലെ തന്നെ ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും അസംബ്ലിയിൽ വന്നുപറയണമെന്നു പറഞ്ഞാൽ ഈ രാജ്യത്തിന്റെ ഗതികേട് മനസ്സിലാക്കാൻ മറ്റ് മാർഗ്ഗമുണ്ടായിരിന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഇതെല്ലാം പരിഹരിക്കുന്നതിന് നമ്മുടെ രാജ്യത്തെ സർക്കാർ ആശുപത്രികളിൽ വന്നു കിടക്കുന്ന രോഗികളെ സംബന്ധിച്ചിടത്തോളം അല്പമെങ്കിലും ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ് ഇത്രയും പറയാൻ എന്നെ പ്രേരിപ്പിച്ചത്. ഇന്ന് സർക്കാർ ആശുപത്രികളിൽ വന്നു കിടക്കുന്ന രോഗികളെ ഒന്നു പരിശോധിച്ചാൽ മൂന്നു നേരവും സർക്കാർ അനുവദിച്ചിട്ടുള്ള എന്തെങ്കിലും ഭക്ഷണം ലഭിക്കുമെന്നുള്ള, ആഹാരത്തിനുവേണ്ടിയുള്ള രോഗികളാണ് കൂടുതലും എന്നു കാണാം. ആ ദുഃസ്ഥിതി മാറ്റാൻ കർശനമായിട്ടുള്ള എന്തെങ്കിലും നടപടികൾ എടുത്തില്ലെങ്കിൽ തീർച്ചയായും നമ്മുടെ രാജ്യത്തെ ആളുകൾ ക്ഷമയുള്ളവരായതുകൊണ്ടാണ് ഇത്രയും പൊറുത്തിട്ടുള്ളത്; എന്നു തോന്നുന്നു. ഇതിന് പരിഹാരമുണ്ടാക്കുമെന്നുള്ള ധാരണയിൽ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ഇവിടെ ഉന്നയിച്ച നിലയിലുള്ള പരാതികൾ ഗവൺമെന്റിന്റെ മുമ്പാകെയില്ല. മരുന്നിനെ സംബന്ധിച്ചുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടില്ല. നേരെമറിച്ച് ഫോർട്ട്കൊച്ചിയിൽ സൂപ്രണ്ടില്ലായെന്ന് അറിയിച്ചു. രണ്ട് തസ്തികയൊഴികെയുള്ളിടത്ത് സൂപ്രണ്ടിനെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. പള്ളുരുത്തി ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെയും റേഡിയോഗ്രാഫറുടേയും തസ്തികയൊഴികെയുള്ളത് നിയമിച്ചിട്ടുണ്ട്. അത് സാധാരണ ചികിൽസക്ക് തടസ്സമായി വരുകയില്ല. 100 ബെഡ്ഡിന്റെ ബ്ലോക്കിന് സാംഗ്ഷൻ ഉണ്ടെങ്കിലും അതിന്റെ പണി തുടങ്ങിയിരുന്നതാണ്. പണത്തിന്റെ കുറവുകൊണ്ടാണ് നടക്കാത്തത്. ഏതായാലും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇത് ഉന്നയിച്ചു. ഈ സഭയിൽ ഇങ്ങനെ ഉന്നയിക്കുന്നത് ആക്ഷേപമല്ല. ഇങ്ങനെ ഉന്നയിക്കുന്നയവസരത്തിൽ പ്രത്യേകമായി ശ്രദ്ധിക്കാനും നടപടി ഉടനടി സ്വീകരിക്കാനും സാധിക്കുന്നുണ്ട്. അതുകൊണ്ടായിരിക്കണം സഭയിൽ കൂടെകൂടെ ഉന്നയിക്കുന്നത്. ഡെപ്യൂട്ടി സ്പീക്കർ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കാൻ കഴിയും.

VI. പ്രസ്താവന

ജീവനക്കാരെ അന്വേഷണം കൂടാതെ പിരിച്ചുവിടാമെന്ന കോടതി വിധി

ശ്രീ. ഇ. കെ. നയനാർ : സർ, അടുത്തകാലത്ത് പൊതുതാല്പര്യത്തിന്റെ പേരിൽ സംസ്ഥാനത്തിലെയോ, കേന്ദ്രത്തിലെയോ ജീവനക്കാരെ യാതൊരു അന്വേഷണവും കൂടാതെ പിരിച്ചുവിടാമെന്ന് സുപ്രീംകോടതിയുടെ വിധിയുണ്ടായി. ഞാൻ വിധിയെപ്പറ്റി പരാമർശിക്കുകയല്ല. ഇത് ഗൗരവപൂർവ്വം കണക്കിലെടുക്കണം. സമകാല സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾക്കും, സ്വാഭാവിക നീതിക്കും നിരക്കാത്ത ഈ വിധി ജസ്റ്റിസ് ചന്ദ്രചൂഡ് ജൂലൈ 11-ാം തീയതി പുറപ്പെടുവിച്ചതായി കണക്കാക്കപ്പെടുന്നുവെങ്കിലും ജൂലൈ 24-ാം തീയതിയാണ് അത് പ്രകാശം കണ്ടത്. ഭരണഘടന 311(2) (ബി) അനുച്ഛേദത്തിന് പുതുതായി ഒരു വ്യാഖ്യാനം നൽകിക്കൊണ്ടാണ് കോടതിവിധി ഉണ്ടായിട്ടുള്ളത്. വിധിയുടെ ഫലമായി അന്വേഷണം കൂടാതെ ഒരു ജീവനക്കാരനെ പിരിച്ചുവിടാൻ ഭരണഘടന 311(2) (ബി) അനുച്ഛേദം രണ്ടു സാഹചര്യങ്ങൾ വിഭാവന ചെയ്യുന്നുണ്ട്. ഒന്നാമതായി അയാൾ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിരിക്കണം. രണ്ടാമതായി രാഷ്ട്രത്തിന്റെ സെക്യൂരിറ്റിക്ക് അപകടകരമായ പ്രവർത്തനം അദ്ദേഹം ചെയ്യണം. എന്നാൽ ഇപ്പോഴത്തെ വിധി 311 (2) (ബി) അനുച്ഛേദ പ്രകാരം അന്വേഷണം പ്രായോഗികമല്ലെന്ന് അധികാരസ്ഥാപനത്തിന് ബോദ്ധ്യം വരികയാണെങ്കിൽ അത് കാര്യകാരണസഹിതം രേഖപ്പെടുത്തിയതിനുശേഷം നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly